15O YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/71/2021-E4

തിരുവനന്തപുരം,
തീയതി. 03/02/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വാച്ച്മാൻ തസ്തികയിൽനിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയക്ക് തസ്തികമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(കൈ) 1/2018/ഉ.ഭ.പ.ഴ തീയതി.27.01.2018.
2.സാമൂഹ്യനീതി ഡയറക്ടറുടെ 6.2.2018 ലെ E4--535/18 നം പരിപത്രം.
3.വിവിധ കാര്യാലയ മേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന 3 ജീവനക്കാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി പരാമർശം (3)പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചും കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം 2-ന്റെ പ്രൊവിസോ, ഒന്നാം പരാമർശിത ഉത്തരവ് എന്നിവ പ്രകാരവും വാച്ച്മാൻ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ടി ജീവനക്കാർക്ക് വാച്ച്മാൻ തസ്തികയിൽനിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയക്ക് തസ്തികമാറ്റം അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും തസ്തികയും | നിലവിൽ ജോലിചെയ്യുവരുന്ന കാര്യാലയം. | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി. | തസ്തികമാറ്റം അനുവദിച്ച് OA ആയി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|---|
| 1 | വിപിൻകുമാർ.കെ.വി<br>വാച്ച്മാൻ | വൃദ്ധസദനം എറണാകുളം. | 11.05.2019 FN | ആശാഭവൻ(മെൻ) എറണാകുളം | |
| 2 | ബിനു.ബി<br>വാച്ച്മാൻ | ആശാഭവൻ (മെൻ) പൂജപ്പുര, തിരുവനന്തപുരം | 12.03.2020 FN | ആശാഭവൻ (മെൻ) പൂജപ്പുര, തിരുവനന്തപുരം | |
| 3 | അനീഷ്.കെ<br>വാച്ച്മാൻ | എച്ച്.പി.എച്ച് കോഴിക്കോട് | 13.02.2014 FN | ജില്ലാസാമൂഹ്യനീതി ഓഫീസ്, കോഴിക്കോട്. | |

മേൽ ജീവനക്കാർ തസ്തികമാറ്റം ലഭിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഏറ്റവും ജൂനിയറായിരിക്കും. ടി ജീവനക്കാരുടെ പുതിയ തസ്തികയിലെ നിയമനം സംബന്ധിച്ച വിവരം അവരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതുമാണ്.

തസ്തികമാറ്റം അനുവദിച്ച ജീവനക്കാരുടെ വിടുതൽ /പ്രവേശനം സംബന്ധിച്ച വിവരം അതാത് കാര്യാലയമേധാവികൾ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്
3. സൂപ്രണ്ട്, ബിൽ സെക്ഷൻ/IT സെൽ
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്